സ്വകാര്യ പ്രചരണത്തിന് മാത്രം

വാല്യം 4, പ്രത്യേക ലക്കം ആഗസ്റ്റ് 2011

India ECHOES
ONE WORLD ONE HUMANITY

ശ്രീ രാം ചന്ദ്ര മിഷൻ®

# മറക്കാനാകാത്ത ഒരു പിറന്നാൾ





പൂജ്യ മാസ്റ്ററുടെ 85–ാമത് ജന്മദിനാഘോഷം തിരുപ്പൂരിലെ ഡയമണ്ട് ജൂബിലി പാർക്കിൽ ജൂലായ് 23 മുതൽ 25 വരെയുള്ള തീയതികളിൽ കൊണ്ടാടി. മാസ്റ്ററുടെ കൂടെ കഴിയുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്യുക എന്നത് ആനന്ദദായകമായ ഒരനുഭവമായിരുന്നു. ജൂലായ് 20–ന് മാസ്റ്റർ കാറിൽ തിരുപ്പൂരിലെത്തുമ്പോൾ, തങ്ങളുടെ പ്രിയതമനെ ഒരു നോക്കു കാണുവാൻ അഭ്യാസികൾ അവിടെ നിശ്ശബ്ദം കാത്തുനിൽക്കുന്നുണ്ടായിരുന്നു. ഒരു കൂട്ടം യുവ അഭ്യാസികൾ ഗാനാലാപനത്തോടെ അദ്ദേഹത്തെ വരവേറ്റു. കാർ നിർത്തി ആ ഗാനം ആസ്വദിച്ചശേഷം അദ്ദേഹം കോട്ടേജിൽ പ്രവേശിച്ചു. അദ്ദേഹം എത്തിച്ചേർന്നയുടനെത്തന്നെ അന്തരീക്ഷത്തിന് കൈവന്ന മാറ്റം ആർക്കും തന്നെ പെട്ടെന്ന് അനുഭവിച്ചറിയാൻ കഴിയുന്നതായിരുന്നു.

മാസ്റ്റർ വന്നുചേരുമ്പോഴേക്കും മിക്കവാറും എല്ലാ സൗകര്യങ്ങളും സജ്ജമായിരുന്നു. അവസാന മിനുക്കു പണികൾ മാത്രമായിരുന്നു ബാക്കിയുണ്ടായിരുന്നത്. അദ്ദേഹം എത്തിച്ചേർന്നപ്പോൾ, സ്വയംസേവകരുടെ പങ്കാളിത്തത്തിൽ പുത്തനുണർവുണ്ടാവുകയും എല്ലാവരും കർമ്മനിരതരാവുകയും ചെയ്തു. വിവിധ ഭാഗങ്ങൾ എണ്ണയിട്ട യന്ത്രങ്ങൾ പോലെ പ്രവർത്തിക്കുവാനും തുടങ്ങി. 'രുചികഫേ' നടത്തിവരുന്ന കാൻറീൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. പിന്നീട് അദ്ദേഹം ക്യാമ്പസ്സിൽ സജ്ജമാക്കിയിരുന്ന സൗകര്യങ്ങൾ ചുറ്റിക്കണ്ടു.

## അതിവിപുലമായ ഒരുക്കങ്ങൾ

രണ്ട് ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള ഭീമാകാരമായ ഒരു മെഡിറ്റേഷൻ ഹാൾ പണി കഴിപ്പിച്ചിരുന്നു. നൂറോളം സ്വയംസേവകരുടെ സഹായത്തോടെ ഏകദേശം 1500 കിലോഗ്രാം ഭാരം വരുന്ന പൂക്കൾകൊണ്ട് മെഡിറ്റേഷൻ ഹാൾ അലങ്കരിച്ചിരുന്നു. വേദിയുടെ ക്രമീകരണം, കുടിവെള്ള വിതരണം, ശുദ്ധീകരണം, അലങ്കാരം, ദൃശ്യശ്രവ്യ സംവിധാനം, പാറാവ്, സുവർണ്ണ പുസ്തകം തുടങ്ങി വിവിധ മേഖലകളിലായ് 400–ഓളം വളണ്ടിയർമാർ മെഡിറ്റേഷൻ ഹാളിൽ കർമ്മനിരതരായിരുന്നു. വളരെ ഐക്യത്തോടെയും സഹകരണത്തോടെയും നടന്ന അതിവിപുലമായ ഈ പ്രവർത്തനങ്ങൾ സാധ്യമായത് അദ്ദേഹത്തിൻെറ ദിവ്യാനുഗ്രഹാശിസ്സുകൾകൊണ്ട് മാത്രമാണ്. ജൂലായ് 22–ന് സത്സംഗം നടത്തിക്കൊണ്ട് മാസ്റ്റർ മെഡിറ്റേഷൻ ഹാൾ ഉദ്ഘാടനം ചെയ്തു. പിന്നീട്, ഉത്സവത്തിലെ എല്ലാ ദിവസങ്ങളിലും രാവിലെയുള്ള സത്സംഗം അദ്ദേഹം നടത്തി.



വാല്യം 4, പ്രത്യേക ലക്കം ആഗസ്റ്റ് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക








വളരെയധികം ശ്രദ്ധയാകർഷിച്ച ഒന്നായിരുന്നു ഫോട്ടോഗ്യാലറി. അതുപോലെ തന്നെ ശ്രദ്ധയാകർഷിച്ച മറ്റൊന്നായിരുന്നു സഹജമാർഗ്ഗത്തിലെ യുവ അഭ്യാസികളെക്കുറിച്ചുള്ള അവബോധം മറ്റുള്ളവരിൽ സൃഷ്ടിക്കുവാൻ സജ്ജീകരിച്ച ബൂത്ത്(യൂത്ത് അവേർനെസ്സ് ബൂത്ത്). സഹജമാർഗ്ഗത്തിലെ യുവ അഭ്യാസികൾ നടത്തിവരുന്ന വിവിധ പരിപാടികളുടെ പ്രദർശനവും വിശദീകരണവും ഇതിലുൾപ്പെടുന്നു. എടുത്തു പറയേണ്ട മറ്റൊന്നായിരുന്നു ചിൽഡ്രൻസ് സെൻറർ(കുട്ടികളുടെ കേന്ദ്രം). വിവിധ പ്രായത്തിലുള്ള കുട്ടികൾക്കായി വലിയ ഒരു ടെൻറ് പ്രത്യേകമായി തയ്യാറാക്കിയിരുന്നു. വിവിധ കലാപരിപാടികളിലും കരകൗശലപ്രവൃത്തികളിലും കുട്ടികൾ സജീവമായി പങ്കെടുത്തു. മുംബൈയിൽ വെച്ച് പ്രത്യേകം ചിട്ടപ്പെടുത്തിയ ഒരു ഗാനത്തിൻെറ റിഹേഴ്സലിൽ 2000-ത്തോളം കുട്ടികൾ ഉത്സവവേളയിൽ പങ്കേടുത്തു. പിന്നീട് ഈ പരിപാടി അവതരിപ്പിച്ചപ്പോൾ മാസ്റ്റർക്ക് വീക്ഷിക്കാനായ് അതിൻെറ തത്സമയ സംപ്രേഷണം നടത്തുകയും ചെയ്തു. ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾ ഒരൊറ്റ ഈണത്തിൽ പാടുന്നത് അത്ഭുതത്തോടുകൂടി മാത്രമേ കേട്ടിരിക്കാൻ സാധിക്കുകയുള്ളൂ.





## എണ്ണവും സൗകര്യങ്ങളും ഒരു പുതിയ ഉയരത്തിൽ

ആഘോഷങ്ങളിലെ അഭ്യാസികളുടെ പങ്കാളിത്തം അദ്ഭുതപൂർവ്വമായിരുന്നു. ഏകദേശം 48000 അഭ്യാസികൾ (കുട്ടികൾ ഉൾപ്പെടെ) സന്നിഹിതരായിരുന്നു. അഭ്യാസികളുടെ നാളിതുവരെയുള്ള ഏറ്റവും വലിയ ഒത്തു ചേരലായിരുന്നു ഇത്. അഭ്യാസികളുടെ താമസ സൗകര്യത്തിന് മാത്രമായി ഏതാണ്ട് 200 ടെൻറുകൾ ഒരുക്കിയിരുന്നു. കൂടാതെ, 'ആരാം ഡോം' എന്ന പേരിൽ ഒരു പ്രത്യേക താമസസൗകര്യം താരതമ്യേന കുറഞ്ഞ ചെലവിൽ ലഭ്യമായിരുന്നു.



അഭ്യാസികളുടെ ഇത്തരത്തിലുള്ളൊരു സമ്മേളനത്തിന് വിവിധ തലങ്ങളിലാവശ്യമായ സ്വയംസേവകരുടെ പ്രവർത്തനം ഊഹിക്കാവുന്നതേയുള്ളൂ. വിവിധ ഭാഗങ്ങളിൽ നിന്നും അഭ്യാസികൾ എത്തിച്ചേരുവാൻ തുടങ്ങിയതോടെ ഗതാഗതം താമസസൗകര്യം റജിസ്ട്രേഷൻ എന്നീ ടീമുകളുടെ വളരെ നിർണ്ണായകമായ പ്രവർത്തനത്താൽ എല്ലാം വളരെ സുഗമമായി നടന്നു. ലളിതമായ ഒരു പദ്ധതി വളരെ ഫലപ്രദമായ രീതിയിൽ സ്വയംസേവകർ നടപ്പിലാക്കിയതിനാൽ അഭ്യാസികളുടെ ഒഴുക്ക് സുഗമമായി കൈകാര്യം ചെയ്യുവാൻ സാധിച്ചു. പലയിടത്തായി പ്രവർത്തിക്കുന്ന സ്വയംസേവകർക്ക് ഭക്ഷണവും വെള്ളവും വിതരണം ചെയ്യുന്നതിന് ഒരു മൊബൈൽ ടീം രാവിലേയും രാത്രിയും തുടർച്ചയായി പ്രവർത്തിക്കുന്നുണ്ടായിരുന്നു.


















വളരെ വിപുലമായ ഒരു പുസ്തകശാല ഇവിടെ തയ്യാറാക്കിയിരുന്നു. പുതിയ പ്രസിദ്ധീകരണങ്ങളുൾപ്പെടെ എല്ലാ ഭാഷകളിലെയും പുസ്തകങ്ങൾ ഇവിടെ ലഭ്യമായിരുന്നു.

അടുക്കളയിൽ 100 സ്വയംസേവകർ നിരനിരയായി നിന്ന് ചപ്പാത്തിയുണ്ടാക്കുന്ന കാഴ്ച ഒന്നു കാണേണ്ടതായിരുന്നു! എല്ലാ അഭ്യാസികൾക്കും രാവിലത്തെ ബ്രഞ്ചും വൈകുന്നേരത്തെ ഹൈ-ടീയും ഭോജനശാലയിൽ ലഭ്യമായിരുന്നു.

ആംബുലൻസും മറ്റു അടിയന്തിര സൗകര്യങ്ങളുമടങ്ങിയ വളരെ കാര്യശേഷിയുള്ള ഒരു മെഡിക്കൽ സെൻറർ ഇവിടെ പ്രവർത്തിക്കുന്നുണ്ടായിരുന്നു. മണിക്കൂറിൽ 10,000 ലിറ്റർ കുടി വെള്ളം ഉത്പാദിപ്പിക്കാൻ ശേഷിയുള്ള ഒരു വലിയ ആർ.ഒ. പ്ലാൻറ് ഇവിടെ സ്ഥാപിച്ചിരുന്നതിനാൽ കുടിവെള്ളത്തിന്യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെട്ടിരുന്നില്ല. വളരെ കാര്യക്ഷമമായി പ്രവർത്തിച്ച ഒരു കൂട്ടം സ്വയംസേവകരുടെ സഹായത്താൽ ശൗചാലയങ്ങളും കുളിമുറികളും നിരന്തരം വൃത്തിയായി സൂക്ഷിക്കുവാൻ സാധിച്ചു. ഇത്തരം ശുചിത്വത്താലും അടുക്കളയിലും ക്യാൻറീനിലും ശുചിത്വപാലനത്തിൽ എടുത്ത മുൻകരുതലുകളാലും മെഡിക്കൽ സെൻററിൽ വളരെ ചുരുക്കം ആളുകളെമാത്രമേ ചികിത്സിക്കേണ്ടി വന്നുള്ളൂ.

## ഒരു പുതിയ അച്ചടക്കത്തിൻെറ തുടക്കം

ജൂലായ് 23-ാം തീയതി രാവിലത്തെ സത്സംഗത്തിനുശേഷം ആഘോഷകമ്മിറ്റിയുടെ ചെയർമാനായ സഹോ. ഹർഷവർധൻ ഗുപ്ത സ്വാഗത പ്രസംഗം നടത്തി. ഈ ആഘോഷത്തിനായി തിരുപ്പൂരിനെ തിരഞ്ഞെടുത്തതിന് അദ്ദേഹം മാസ്റ്ററോട് തൻെറ നന്ദിയും കൃതജ്ഞതയും രേഖപ്പെടുത്തി. പ്രാരംഭ ജോലികളിൽ സഹായിക്കുന്നതിനായി രാജ്യത്തിൻെറ വിവിധ ഭാഗത്തുനിന്നും വന്ന സ്വയംസേവകരോട് അദ്ദേഹം തൻെറ നന്ദി രേഖപ്പെടുത്തി. മാസ്റ്റർ തനിക്കുള്ളതെല്ലാം സിറ്റിംഗ് സമയത്തുള്ള സംപ്രേഷണത്തിലൂടെ നമുക്ക് നൽകുന്നതിനാൽ, അല്ലാത്ത സമയങ്ങളിൽ അദ്ദേഹത്തെ വസതിയിൽ ചെന്നു ബുദ്ധിമുട്ടിക്കരുതെന്ന് അഭ്യർത്ഥിച്ചു.



വാല്യം 4, പ്രത്യേക ലക്കം ആഗസ്റ്റ് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക






മാസ്റ്ററുടെ നിർദ്ദേശമായ സ്നേഹത്തോടെയുള്ള അച്ചടക്കം എന്ന കുറിവാക്കിൻെറ അടിസ്ഥാനത്തിൽ എല്ലാ അഭ്യാസികളോടും മാസ്റ്ററെ തൻെറ സൗകര്യത്തിന് വിടണമെന്നും അദ്ദേഹത്തിനാവശ്യമായ വിശ്രമം ലഭിക്കുന്നതിലും അദ്ദേഹത്തെ മാനസിക പിരിമുറുക്കങ്ങൾക്ക് അടിമെപ്പെടുത്താതിരിക്കുന്നതിലും അഭ്യാസികൾ ശ്രമിക്കണമെന്നും എല്ലാവരോടും അഭ്യർത്ഥിച്ചിരുന്നു. ഇതിനുള്ള അഭ്യാസികളുടെ പ്രതികരണം വളരെ വിസ്മയകരമായിരുന്നു. സത്സംഗങ്ങൾക്കിടയിലുള്ള സമയങ്ങളിൽ മാസ്റ്റർക്ക് തൻെറ ജോലികൾ അല്ലലില്ലാതെ ചെയ്യുവാൻ സാധിക്കുകയും അദ്ദേഹത്തിനാവശ്യമായ വിശ്രമം ലഭിക്കുകയും ചെയ്തു. രാവിലെ 11:30 മണിക്ക് ‘സ്നേഹത്തോടെയുള്ള അച്ചടക്കം’ എന്ന വിഷയത്തെ ആസ്പദമാക്കി സഹോ.ചക്രപാണി ആദ്യം ഇംഗ്ലീഷിലും തുടർന്ന് തമിഴിലും ഒരു പ്രസംഗം നടത്തി.ഒരു കപ്പൽ വളരെ ദൂരം കടലിൽ സഞ്ചരിച്ചു കഴിയുമ്പോൾ അതിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതിനാൽ അതിൻെറ വേഗത കുറയുകയും എങ്ങനെ അതിനെ കരയോടടുപ്പിച്ച് വൃത്തിയാക്കുന്നുവോ അതേപോലെ നമ്മിലെല്ലാം വർഷം മുഴുവനും അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ ഈ ഉത്സവസമയത്ത് മാസ്റ്റർ വൃത്തിയാക്കി നമ്മെ നമ്മുടെ നിർദ്ദിഷ്ഠ സ്ഥലങ്ങളിലേക്ക് അയക്കുന്നു എന്ന് അദ്ദേഹം തൻെറ പ്രസംഗത്തിൽ പറഞ്ഞു. 23–ാം തീയതി വൈകുന്നേരം വിവിധ സെൻററുകളിലെ അഭ്യാസികൾ സംഘടിപ്പിച്ച ഗാനങ്ങളും നൃത്തപരിപാടികളും ഉണ്ടായിരുന്നു.


## ജന്മദിനം

ജൂലായ് 24നു രാവിലെ മെഡിറ്റേഷൻ ഹാളിലേയ്ക്ക് പോകുന്നതിനു മുൻപായി അവിടെയുള്ള പ്രധാന ജലസ്രോതസ്സായ സരോവരം മാസ്റ്റർ സന്ദർശിച്ചിരുന്നു. നിറഞ്ഞുനിൽക്കുന്ന സരോവരം കണ്ട അദ്ദേഹം, “നമുക്കിതു തികയാതെ മഴ വേണ്ടിവരുമൊ?” എന്നു തമാശയായി ചോദിച്ചു. മാസ്റ്റർ ഹാളിലേയ്ക്കു പ്രവേശിക്കുമ്പോൾ വയലിൻ തന്ത്രികളാൽ തീർത്ത ജന്മദിനാശംസാഗീതം അവിടമാകെ അലയടിച്ചിരുന്നു. അവിടെ സന്നിഹിതരായിരുന്ന എല്ലാ അഭ്യാസികളുമതേറ്റുപാടി. “സരോവരം പോലെ ഇവിടേയും തുളുമ്പി നിൽക്കുന്നു” എന്നാണ് ഹാൾ നിറഞ്ഞിട്ടും നിലയ്ക്കാതെ പ്രവഹിച്ചുകൊണ്ടിരുന്ന അഭ്യാസികളെകണ്ട മാസ്റ്റർ പറഞ്ഞത്. ആഘോഷവേളയിൽ ഇരുപത്തെട്ട് വിവാഹങ്ങളാണ് മാസ്റ്റർ നടത്തിയത്. ജൂലായ് 24നു സഹോദരി രഞ്ചനാ മേഹ്തയും സഹോദരൻ ഗുരുപ്രീതും അവതരിപ്പിച്ച ഹൃദയഹാരിയായ ഭജനകൾക്കുശേഷം മാസ്റ്റർ ഒരു പ്രഭാഷണം നടത്തുകയുണ്ടായി.

ജൂലായ് 24നു വൈകീട്ട് സഹോദരൻ പി ആർ കൃഷ്ണ സത്സംഗം നടത്തുമ്പോൾ ആകാശത്ത് കാർമേഘങ്ങൾ വരവറിയിക്കുന്നുണ്ടായിരുന്നു. സത്സംഗം കഴിഞ്ഞതും അവ പെയ്തൊഴിഞ്ഞു. സത്സംഗിനു ശേഷം സഹോദരി ജയന്തി കുമരേശൻെറ വീണാവാദനം മാസ്റ്റർ സിസിടിവി സൗകര്യത്താൽ അദ്ദേഹത്തിൻെറ കോട്ടേജിലിരുന്നു കണ്ടു. വളരെ മനോഹരമായ ഈ പരിപാടി അഭ്യാസികൾ നന്നായി ആസ്വദിച്ചു.

അഭ്യാസികളെ ഓരോരുത്തരെയായി കാണാൻ മാസ്റ്റർക്ക് സാധിക്കുമായിരുന്നില്ല. എങ്കിലും അദ്ദേഹം ആഫ്രിക്ക, നേപ്പാൾ ശ്രീലങ്ക, അമേരിക്ക, യൂറോപ്പ്, തുടങ്ങിയ രാജ്യങ്ങളിൽ നിന്നും





വാല്യം 4, പ്രത്യേക ലക്കം ആഗസ്റ്റ് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക










വന്ന അഭ്യാസികളുമായി കൂടിക്കാഴ്ചയ്ക്ക് സമയം കണ്ടെത്തി. അവനവനിലും മറ്റുള്ളവരിലും കർമ്മോന്മുഖമാവുക എന്നതാണ് പ്രധാനം, അതിനു ശേഷമാണ് കൂടിക്കാഴ്ചകൾ നടത്തേണ്ടത് എന്നദ്ദേഹം അഭിപ്രായപ്പെട്ടു. അങ്ങിനെയാവുമ്പോഴേ കൂടിക്കാഴ്ച്ചകൾക്ക് അർത്ഥമുണ്ടാവുകയുള്ളൂ. അത്തരം പ്രവർത്തനങ്ങൾക്കു ശേഷം വീണ്ടും കൂടിക്കാഴ്ച നടത്താമെന്ന വാക്കുകളാൽ അവർക്കു പ്രചോദനമേകി.

## മംഗളകരമായ സമാപനം

അവസാനദിനമായ ജൂലായ് 25-നു മാസ്റ്റർ സത്സംഗം നടത്തി. അതിനു ശേഷം സഹോദരി നിഹാരിക തൻെറ കവിതാലാപനത്തിൽ അദ്ദേഹത്തെ സ്തുതിച്ചു. ഹൃദയത്തിൽ നിന്നുതിർന്ന വരികളിലെ സ്നേഹം അവിടെ സന്നിഹിതരായിരുന്ന ഓരോ അഭ്യാസിയും അനുഭവിച്ചറിഞ്ഞു. സഹോദരൻ പി ആർ കൃഷ്ണ, ആഘോഷത്തിൻെറ സന്ദേശമായ "സ്നേഹത്തിലെ അച്ചടക്കം" എന്ന വിഷയം സ്പർശിച്ചുകൊണ്ട് ഉപസംഹാര പ്രഭാഷണം നടത്തി. ഈ സന്ദേശം നമ്മൾ ആഘോഷവേളയിൽ പ്രായോഗികമാക്കികൊണ്ട് മാസ്റ്ററെ സന്തോഷിപ്പിച്ചു എന്നത് നമുക്ക് ആഹ്ലാദകരമാണ്. മുൻവിധി, പ്രത്യാശ, വിധിനിർണ്ണയം എന്നിവയാണ് നമ്മുടെ മൂന്ന് അടിസ്ഥാനമായ സമസ്യകൾ എന്നദ്ദേഹം എടുത്തുപറഞ്ഞു. നമ്മുടെ അഹംബോധമാണ് ഇതിനെല്ലാം കാരണം. മാസ്റ്റർക്ക് ഇന്നത്തെനിലയിൽ എത്തിച്ചേരാൻ സാധിച്ചതിൻെറ രഹസ്യം അനുസരണയാണ് എന്നദ്ദേഹം ആവർത്തിച്ച് പറഞ്ഞകാര്യവും സഹോദരൻ പി ആർ കൃഷ്ണ അനുസ്മരിച്ചു. ഈയൊരു പ്രസംഗത്തോടെ ആഘോഷങ്ങൾ പര്യവസാനിച്ചെങ്കിലും നമ്മുടെ ഹൃദയാന്തരാളങ്ങളിൽ അതുളവാക്കിയ നിറഞ്ഞുകവിയുന്ന അനുഭൂതി എന്നും നിലനിൽക്കും.





വാല്യം 4, പ്രത്യേക ലക്കം ആഗസ്റ്റ് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

## ജൂലായ് 24-ന് മാസ്റ്റർ നൽകിയ പ്രഭാഷണത്തിൽ നിന്നും ഏതാനും ഭാഗങ്ങൾ



..."അദ്ദേഹം (ഗുർപ്രീത്) ഇപ്പോൾ പാടിയത്, ഗുരുവിൻെറ അനുഗ്രഹത്താൽ ഓരോ നിമിഷവും പുതിയ പ്രഭാതമായിരിക്കും എന്നാണ്. നമ്മുടെ പ്രഭാതങ്ങളെങ്കിലും, പുതിയതാണോ? അതോ നാം എല്ലാ പ്രഭാതങ്ങളിലും ദുഃഖിതനാണോ? ഞാൻ എന്തിനാണ് ഉണരുന്നത്? ഇന്ന് ഞാൻ എന്താണ് ചെയ്യാൻ പോകുന്നത്? വർഷങ്ങളായി, ഒരു പക്ഷേ, കുറേയേറെ ജീവിതങ്ങളിലായി ഞാൻ കൊണ്ടു നടക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ല, അതുകൊണ്ടു തന്നെ ഇന്നത്തെ പ്രഭാതം എങ്ങനെയാണ് വ്യത്യസ്തമാകുക? വീണ്ടും ദുഃഖിതനായി, 'എന്നെ ഇവിടെ ഇപ്രകാരം വിട്ടിരിക്കുന്നതെന്തിനാണ്?', എന്ന് ദൈവത്തോട് കരഞ്ഞ് ചോദിക്കേണ്ടി വരും.

...ഇവിടെ കൂടിയിരിക്കുന്നവരിൽ ആരെങ്കിലും മറ്റുള്ളവർക്കായി, എന്തെങ്കിലും ചെയ്യുന്നുണ്ടോ? സ്വന്തം കാര്യ സാദ്ധ്യത്തിനല്ലാതെ? നമ്മുടെ വീടു വൃത്തിയാക്കി, അഴുക്ക് റോഡിലേക്ക് എറിയുകയല്ലേ നാം ഇപ്പോഴും ചെയ്യുന്നത്? നമ്മുടെ കുട്ടികളെ മലവിസർജ്ജനത്തിനായി ഇപ്പോഴും പാതയോരത്തിരുത്താറില്ലേ? നമ്മളിപ്പോഴും റോഡിൽ സിഗററ്റും, ചപ്പും ചവറുകളും നിക്ഷേപിക്കുകയും തുപ്പുകയും മറ്റും ചെയ്യാറില്ലേ? എന്നിട്ട് ഹരിതവൽക്കരണത്തെപ്പറ്റി അഖണ്ഡമായി സംസാരിക്കുകയും ചെയ്യാറില്ലേ? നാമിപ്പോഴും വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നില്ലേ? നമ്മുടെ നദികളെ മലിനപ്പെടുത്തുന്നില്ലേ? നമ്മുടെ പൗരാണിക വേദങ്ങളിൽ, നല്ലൊരു വ്യക്തി തൻെറ പരിസര സംരക്ഷണം നടത്തണമെന്നും, മരങ്ങൾ മുറിക്കരുതെന്നും മരങ്ങളെ ആരാധിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. കാരണം, മരങ്ങളില്ലെങ്കിൽ ഓക്സിജനുണ്ടാവില്ല; അന്തരീക്ഷ ശുദ്ധീകരണമുണ്ടാകില്ല. മരങ്ങൾ വിറകിനായി ഉദ്ദേശിച്ചുള്ളവയല്ല; മറിച്ച്, ഓരോ പ്രാവശ്യവും നാം പുറത്തുവിടുന്ന കാർബൺ ഡൈഓക്സൈഡ് മൂലം അശുദ്ധമാകുന്ന അന്തരീക്ഷം ശുദ്ധീകരിക്കാനാണ്. അന്തരീക്ഷം ദുഷിപ്പിക്കുന്നവരാണ് നാം, എങ്കിലും പരിണാമത്തിൻെറ കൊടുമുടി കയറിയവരാണ് മനുഷ്യരെന്ന് വീമ്പ് പറയുകയും ചെയ്യും. ഒരു പക്ഷേ, മനുഷ്യൻ പരിണാമത്തിൻെറ അന്തകനായിരിക്കാം; കൊടുമുടി കയറിയവനായിരിക്കുകയില്ല.


...ഗംഗാ നദി ഒഴുകുന്ന, വേദങ്ങളുടെ ഉറവിടമായ ഈ പരിപാവനമായ ഭൂമിയുടെ ഇന്നത്തെ പരിതാപകരമായ അവസ്ഥയ്ക്ക് നാമോരുത്തരും ഉത്തരവാദികളാണെന്ന വസ്തുതയിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധ കൊണ്ടുവരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. നാം വളരെയധികം ഊറ്റം കൊള്ളുന്നവരാണ്. അത്തരത്തിലുള്ള അനുശാസനങ്ങൾക്കനുസൃതമായതും മനുഷ്യ ജീവിതത്തിനാവശ്യമായതുമായ കാര്യങ്ങൾ ചെയ്തുകൊണ്ട് ആ പാരമ്പര്യത്തെ നിലനിർത്തുവാനായി വേണ്ടത് നാം ചെയ്യുന്നുണ്ടോ? സഹാനുഭൂതി, ദയ, പങ്കുവെയ്ക്കൽ, സ്നേഹം, മറ്റുള്ളവരെ ചൂഷണം ചെയ്യാതിരിക്കൽ, നിങ്ങൾക്കുവേണ്ടി മാത്രമല്ലാതെ മറ്റുള്ളവർക്കും വേണ്ടി ജോലി ചെയ്യൽ തുടങ്ങിയവ നിങ്ങൾക്കുണ്ടോ? ആത്മീയത പറയുന്നത് സ്വയം മറക്കാനാണ്. മറ്റുള്ളവർക്കായുള്ള പ്രവർത്തനം അന്തിമമായി നിങ്ങളിലേയ്ക്ക് തിരിച്ച് വരും. അന്തിമമെന്നാൽ അടുത്ത യുഗമല്ല ഉദ്ദേശിക്കുന്നത്. കാരണം, പുരാതന ശാസ്ത്രങ്ങൾ തുടങ്ങി മറ്റെല്ലാം പറയുന്നത്, നിങ്ങളുടെ പ്രവർത്തികളും ചിന്തകളും പ്രപഞ്ചം മുഴുവൻ ചുറ്റികറങ്ങി നിങ്ങളിലേയ്ക്ക് തിരിച്ചെത്തുന്നു എന്നാണ്. നിങ്ങൾ വെറുക്കുമ്പോൾ അത് തിരികെ നിങ്ങളിലെത്തുന്നു, സ്നേഹിക്കുമ്പോൾ സ്നേഹം നിങ്ങളെ തേടിയെത്തുന്നു, നിങ്ങൾ നൽകുന്നത് തിരികെ നിങ്ങളിലെത്തി ചേരുന്നു. പക്ഷേ നാം ചെയ്യുന്നത് എന്താണ്?, എടുക്കുക മാത്രം.



...ഒരു കല്ല്, കല്ല് മാത്രമാണെന്ന് ഒരു ചൊല്ലുണ്ട്. അതിനെ നിങ്ങൾക്ക് തട്ടാം, എടുത്തെറിയാം, നിങ്ങൾക്ക് ഇഷ്ടമുള്ളതെല്ലാം ചെയ്യാം. അതിനെ ഒരമ്പലത്തിൽ പ്രതിഷ്ടിക്കുമ്പോൾ നിങ്ങൾ അതിൻെറ വേലക്കാരനാവുന്നു. നിങ്ങളുടെ കല്ലുകൾ, പണം, ഭക്തി തുടങ്ങിയവ എല്ലാം എവിടെയാണ് നിക്ഷേപിക്കുക എന്നതിനെപ്പറ്റി നിങ്ങൾ ശ്രദ്ധാലുവായിരിക്കണം. ഇന്നത്തെ ലോകം തിന്മ നിറഞ്ഞതാണ്, നാളെ അതെന്തായിരിക്കും? അഞ്ചു വർഷത്തിനുശേഷം എന്തായിരിക്കും? നിങ്ങളുടെ കുട്ടികൾക്ക് അഞ്ചു വയസ്സ് കൂടിയിരിക്കും. നിങ്ങളുടെ പേരക്കുട്ടികൾക്കും അപ്രകാരം പ്രായം കൂടിയിരിക്കും. കുട്ടികൾ യുവാക്കളായി മാറിയിരിക്കും, നിങ്ങൾ വയസ്സന്മാരായിട്ടുണ്ടാകും. ഇന്ന് കാണുന്ന ലോകം എൻെറ സൃഷ്ടിയാണെന്ന് പറയുവാൻ അന്ന് നിങ്ങൾക്കാവില്ല. അതുകൊണ്ട്, നമ്മളിൽ ഒട്ടുമിക്ക പേർക്കും ആദ്ധ്യാത്മികത പാഴായിപ്പോയ ഒന്നാണ്. ഒഴിവുദിനം ആഘോഷിക്കാനായി നാം ഇവിടെ വരുന്നു, സംഗീതം ആസ്വദിക്കുന്നു, നല്ല ഭക്ഷണം ആസ്വദിക്കുന്നു. നമ്മിലെത്ര പേർ ആത്മീയത ഗൗരവത്തോടെ ആഗ്രഹിക്കുന്നുണ്ട്?

...സത്യം അത്തരമൊരു മരുന്നാണ്,അത് കയ്പ് നിറഞ്ഞതാണ്,അതിനെ നമുക്ക് മധുരത്താൽ പൊതിയാനാവില്ല. ആന്തരികമായി നില കൊള്ളുന്ന, നിങ്ങളിലുള്ള ആ സത്യത്തെ സ്വീകരിക്കുവാൻ നിങ്ങൾ ദയവായി തയ്യാറാവണം. സായംകാലത്ത് നടത്തുന്ന ശുദ്ധീകരണ സമയത്ത് നിങ്ങൾ സ്വയം ശ്രദ്ധിക്കാറുണ്ടോ? രാത്രി ഉറങ്ങുന്നതിന് മുമ്പ് നടത്തുന്ന പ്രാർത്ഥനയിൽ, ബാബുജി ഉദ്ബോധിപ്പിച്ച 'ചെയ്ത തെറ്റുകൾ ആവർത്തിക്കുകയില്ലെന്ന് തീരുമാനിക്കുക' എന്ന സൂക്തം ഓർമ്മിക്കാറുണ്ടോ? നാം അപ്രകാരം ചെയ്യാറുണ്ടോ? അതോ, യാന്ത്രികമായി സഹജമാർഗ പ്രാർത്ഥന ചൊല്ലുക മാത്രമാണോ? ഇത് ചിരിച്ച് തള്ളേണ്ട വിഷയമല്ല. അപ്രകാരം തോന്നാമെങ്കിലും അത്യന്തം പ്രാധാന്യമുള്ളതാണ്.

...പ്രകൃതി ശക്തി ഉണർത്തപ്പെടുമ്പോൾ, പക്ഷികൾക്കും, മൃഗങ്ങൾക്കും ഉറുമ്പുകൾക്കും അതറിയാം; പക്ഷേ മനുഷ്യർക്കതറിയുന്നില്ല. നാം യന്ത്രങ്ങളെ ആശ്രയിക്കുന്നു, ടിവിയിൽ വരുന്ന ചൂടുള്ള തെറ്റായ വാർത്തകളെ ആശ്രയിക്കുന്നു. (ഹൃദയത്തിൽ തൊട്ടുകൊണ്ട്)ഇവിടേയ്ക്ക് എന്തുകൊണ്ട് നിങ്ങൾ ശ്രദ്ധിക്കുന്നില്ല? അത് നിങ്ങൾക്ക് തെറ്റായ എന്തെങ്കിലും സൂചനകൾ തരാറുണ്ട്? നിങ്ങൾ ഭയചകിതരാകുമ്പോൾ, വഴിവിട്ട് നടക്കുമ്പോൾ ഹൃദയത്തെ ശ്രദ്ധിക്കുക. ബാബുജി മഹരാജ് പറഞ്ഞിട്ടുള്ളത് 'ഇതിനെ വിശ്വസിക്കാതിരിക്കുക(മനസ്സിനെ),അതിന് ചിന്തിക്കുവാനേ കഴിയൂ, ശരിയും തെറ്റും ഏതെന്ന് അതിന് വിവേചിക്കാനാവില്ല. സംശയമുള്ളപ്പോൾ ഹൃദയത്തെ ആശ്രയിക്കുക' എന്നാണ്. ഇന്ന് അദ്ദേഹത്തിൻെറ അനുഗ്രഹം നിങ്ങൾക്കേവർക്കും ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കുന്നു."

# പുതിയ പ്രസിദ്ധീകരണങ്ങൾ



മാസ്റ്റർ അനേകം പുതിയ പ്രസിദ്ധീകരണങ്ങൾ പ്രകാശിപ്പിക്കുകയുണ്ടായി. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

**ടേൽസ് ഓഫ് വണ്ടർ I**

തമിഴ്, തെലുങ്ക്, ഹിന്ദി

**കംപ്ലീറ്റ് വർക്സ് ഓഫ് രാം ചന്ദ്ര**

**വാല്യം 1– ഹിന്ദി**

**വൈ സ്പിരിച്വാലിറ്റി**


ഇംഗ്ലീഷ്, ഹിന്ദി, തെലുങ്ക്, തമിഴ്, ഗുജറാത്തി, കന്നഡ, മറാഠി, നേപ്പാളി, ജർമൻ, ഇറ്റാല്യൻ, പോർച്ച്യുഗീസ്, സ്പാനിഷ്

**ഡൗൺ മെമ്മറി ലേൻ**
രണ്ടാം പതിപ്പ്





**അണ്ടർസ്റ്റാൻഡിംഗ് സ്പിരിച്വാലിറ്റി**

5 ഡിവിഡികളുടെ സെറ്റ്




**പ്രിഫെക്റ്റ്സ് ഡിവിഡി സെറ്റ് വാല്യം 2(കോർപസ് ഇതര)**






**ഇന്നർ റിഫ്ലക്ഷൻസ് വാല്യം 1**
സത്സംഗത്തിനുശേഷമുള്ള പ്രതിഫലനത്തെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ




**ഗുരു ആൻഡ് ദ ഗോൾ**
തമിഴ്, തെലുങ്ക്, കന്നഡ, മലയാളം, മറാഠി, ഗുജറാത്തി





**റിലിജ്യൺ ആൻഡ് സ്പിരിച്വാലിറ്റി**
തമിഴ്





**യൂത്ത്–വാല്യം 1**
ഇറ്റാല്യൻ





**സത്യോദയം**
മലയാളം





**ഹാർട് സ്പീക് 2009**
സ്പാനിഷ്




**ഹാർട് സ്പീക് 2007**
ഹിന്ദി




**ഹാർട് സ്പീക് 2002 വാല്യം 1**
ഇംഗ്ലീഷ്




**ടേൽസ് ഓഫ് വണ്ടർ 2**
ഇംഗ്ലീഷ്